ഗ്രാമീണ സഡക്‌യോജന പദ്ധതി

13 [667] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സഡക്‌യോജന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടന്നു വരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ റോഡുകളുടെ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ പ്രസ്തുത പദ്ധതിയിൽ കല്ലുവളപ്പ്-പാത്തിക്കൽ-കണ്ടി വാതുക്കൽ റോഡിന്റെയും തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽപ്പെടുത്തിയ കരിയാട്-കിടഞ്ഞി റോഡിന്റെയും പ്രവൃത്തിക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിപ്രകാരം 2000-2001-ൽ ഒന്നാം ഘട്ടമായി 19 കോടി 76 ലക്ഷം രൂപയുടെ 106.610 കി. മീ. നീളമുള്ള 33 റോഡുകളുടെ പണി ഏറ്റെടുക്കുകയും ഇതിൽ 29 റോഡുകളുടെ പണി (81.610 കി.മീ.) പൂർത്തിയാവുകയും 4 റോഡുകളുടെ പണി നടന്നുവരികയും ചെയ്യുന്നു.

രണ്ടാം ഘട്ടമായി (2000-2001) 58 കോടി 9 ലക്ഷം രൂപയുടെ 184 റോഡുകളുടെ പണി (287.976 കി.മീ.) ഏറ്റെടുക്കുകയും അതിൽ 152 റോഡുകളുടെ പണി (241.072 കി.മീ.) പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ വീതി ലഭിക്കാതിരുന്നതിനാൽ 6 റോഡുകളുടെ പണി ഉപേക്ഷിച്ചു. ബാക്കി 26 റോഡുകളുടെ പണി പുരോഗമിച്ചു വരികയാണ്.

മൂന്നാം ഘട്ടമായി (2003-2004) 20 കോടി 76 ലക്ഷം രൂപയുടെ 53 റോഡുകൾക്ക് (99.065 കി.മീ.) കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. ഇതിൽ 48 റോഡുകളുടെ പണി പുരോഗമിച്ചുവരുന്നു. പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് 4 റോഡുകളുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിലെ ഒരു റോഡ് പഞ്ചായത്ത് മറ്റൊരു സ്കീമിൽ ഏറ്റെടുത്ത് നടപ്പിലാക്കിയതിനാൽ ഉപേക്ഷിച്ചു.

നാലാം ഘട്ടത്തിനായി (2004-2005) 28 ബ്ലോക്കുകളിലായി 52.76 കോടി രൂപ അടങ്കൽ വരുന്ന 96 റോഡുകൾക്ക് (179.472 കി.മീ.) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുകയും തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്കിലെ 5 റോഡുകളുടെ പണി ഒഴികെയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്ത് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെരുങ്കടവിള ബ്ലോക്കിലെ പണികൾ രണ്ടു തവണ ടെണ്ടർ ചെയ്തു. ആദ്യതവണ യോഗ്യരായ കരാറുകാർ ഇല്ലാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ഒരു കരാറുകാരൻ മാത്രം അടങ്കൽ തുകയുടെ 19.99 ശതമാനം കൂടുതൽ വരുന്ന ടെണ്ടർ സമർപ്പിച്ചു. അടങ്കൽ തുകയ്ക്കു മുകളിൽ വരുന്ന തുക സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടതെന്ന് കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി തുക ഉൾപ്പെടുത്താത്തതിനാൽ ടെണ്ടർ നിരസിച്ചു.

(ബി) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിൽ 10 റോഡുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 12 റോഡുകളുടെ പണി പുരോഗമിച്ചു വരുന്നു. അവയുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്കിലെ കല്ലുവളപ്പ്-പാത്തിക്കൽ റോഡിന് 152.16 ലക്ഷം രൂപയും തലശ്ശേരി ബ്ലോക്കിലെ കരിയാട്-കിടഞ്ഞി റോഡിന് 94 ലക്ഷം രൂപയും ഉൾപ്പെടുന്ന 5-ാം ഘട്ട പദ്ധതി കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

ജോലിക്ക് പകരം ഭക്ഷണം പദ്ധതി

14 [679] ശ്രീ. പി. ടി. തോമസ്:
,, കെ. സി. ജോസഫ്:
,, ജി. കാർത്തികേയൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്ക് പകരം ഭക്ഷണം പദ്ധതിയനുസരിച്ച് ഈ വർഷം എത്ര അരി സംസ്ഥാനത്തിന് ലഭിച്ചു;

(ബി) ഈ പദ്ധതിപ്രകാരം ഈ വർഷം എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) ജോലിക്ക് പകരം ഭക്ഷണം പദ്ധതിപ്രകാരം 2005-06-ൽ 2705 മെ. ടൺ അരി ലഭിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ എസ്.ജി.ആർ.വൈ. പദ്ധതികൾ

15 [683] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. ജി. ആർ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര മണ്ഡലത്തിന് എന്ത് തുക അനുവദിച്ചെന്നറിയിക്കാമോ;

(ബി) റോഡിന്റെ പേരും അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly